പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1593** **16-10-2026-ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിലിന്റെ അനാസ്ഥ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. എം. അഭിജിത്ത് ശ്രീ. ഒ. ജെ. ജനീഷ്

(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കായികതാരങ്ങൾക്ക് ഔദ്യോഗിക യൂണിഫോം ഇല്ലാതെ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കേണ്ടി വന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്.

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള കായിക അസോസിയേഷൻ മുഖേന ദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് ഒരു ജോഡി ട്രാക്ക് സ്യൂട്ട് സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും നൽകി വരുന്നു. 2025 ഡിസംബർ 24 വരെ ഇത്തരത്തിൽ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കാൻ പോയ കേരള ടീം അംഗങ്ങൾക്ക് ട്രാക്ക് സ്യൂട്ട് നൽകിയിട്ടുണ്ട്. എന്നാൽ തുടർന്ന് വന്ന ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത കായിക താരങ്ങൾക്ക് ട്രാക്ക് സ്യൂട്ട് നൽകുവാൻ കഴിഞ്ഞിരുന്നില്ല.

സൗത്ത് സോൺ നാഷണൽസിൽ പങ്കെടുത്ത കായികതാരങ്ങൾക്ക് ജേഴ്സിയും ട്രാക്ക് സ്യൂട്ടും ലഭ്യമായില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മേൽ വിഷയത്തിൽ സംഭവത്തിലേക്ക് നയിച്ച വസ്തുതകളും സാഹചര്യങ്ങളും, ബന്ധപ്പെട്ട വ്യക്തികൾ/ഉദ്യോഗസ്ഥർ, ഓരോരുത്തർക്കും ഏൽപ്പിച്ചിരുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും വിശദമായി പരിശോധിക്കുന്നതിനും കൂടാതെ ബാധകമായ ചട്ടങ്ങളും നിർദ്ദിഷ്ട നടപടിക്രമങ്ങളും അനുസരിച്ച്, വീഴ്ചകൾ/ക്രമക്കേടുകൾക്ക് ഉത്തരവാദികളാണെന്ന് കണ്ടെത്തുന്ന വ്യക്തി/വ്യക്തികളുടെ ഉത്തരവാദിത്തം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി പ്രത്യേകമായി നിർണ്ണയിക്കുന്നതിനു നിർദ്ദേശം നൽകിയിരുന്നു.

**(ബി)** തിരുവനന്തപുരത്തെ കേരള സ്പോർട്സ് കൗൺസിൽ ആസ്ഥാനത്ത് ലക്ഷങ്ങൾ വിലമതിക്കുന്ന കായിക ഉപകരണങ്ങൾ അർഹരായവർക്ക് വിതരണം ചെയ്യാതെ കൂട്ടിയിട്ട നിലയിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** സ്പോർട്സ് കൗൺസിലിന്റെ ഗോഡൗണിൽ കായിക ഉപകരണങ്ങളും, ട്രാക്ക് സ്യൂട്ടുകളും കായിക താരങ്ങൾക്ക് നൽകാതെ നശിക്കുന്നു എന്ന 19.07.2026 - ൽ മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്ത സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സ്പോർട്സ് കൗൺസിലിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റ് പരിശീലകരുടേതിന് സമാനമായി

ഏകീകരിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനും ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ട്രാക്ക് സ്യൂട്ട് ലഭിക്കാത്ത സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

"ഓപ്പറേഷൻ കളിക്കളം" എന്ന പേരിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 24.09.2026 -ൽ നടത്തിയ മിന്നൽ പരിശോധനയിൽ പല ജില്ലകളിലും സ്പോർട്സ് ഉപകരണങ്ങൾ പർച്ചേയ്സ് ചെയ്ത ശേഷം സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താതിരിക്കുന്നതായും, കൃത്യമായി വിതരണം നടത്താതിരിക്കുന്നതായും വിതരണം നിർവ്വഹിക്കുന്ന ഘട്ടത്തിലും ശരിയായ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വരുത്തുന്നില്ലായെന്നും, ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതായും പ്രാഥമികമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദമായ തുടർപരിശോധന നടത്തിവരുന്നു.

**(സി)** ഇത്തരത്തിൽ അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ സീനിയർ ക്ലർക്കായി ജോലി ചെയ്തു വരുന്ന ശ്രീ. നിതിൻ റോയ്, ശ്രീ. അരുൺ ടി. എസ്. എന്നിവരെ തന്റെ ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിൽ, പ്രത്യേകിച്ച് സ്പോർട്സ് കിറ്റുകൾ; ട്രാക്ക് സ്യൂട്ടുകൾ വാങ്ങൽ, ബന്ധപ്പെട്ട പർച്ചേസ് ഫയലുകളുടെയും ഔദ്യോഗിക രേഖകളുടെയും കസ്റ്റഡി, പ്രോസസ്സിംഗ്, നീക്കം, കൈമാറ്റം എന്നിവയുമായി ബന്ധപ്പെട്ട് ചില പ്രഥമദൃഷ്ട്യാ വീഴ്ചകൾ കണ്ടെത്തിയതിനെത്തുടർന്ന് അച്ചടക്ക നടപടികളുടെ ഭാഗമായി അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതുവരെ 25.09.2026 ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ കെ.എസ്.എസ്.സി./1224/2026-ബി1 നമ്പർ നടപടിക്രമം പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു.

**സെക്ഷൻ ഓഫീസർ**